പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 723 15-07-14 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്കുള്ള സേവനങ്ങളുടെ പരിഷ്കരണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി.എഫ്.തോമസ് :<br>ശ്രീ.മോൻസ് ജോസഫ് :<br>ശ്രീ.റ്റി.യു.കുരുവിള :<br>ശ്രീ.തോമസ് ഉണ്ണിയാടൻ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്ന സേവന പരിഷ്കരണങ്ങൾ</u>**<br>ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വായ്പയായി നൽകുന്നു. കൂടാതെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ, മത്സ്യലേലം വർദ്ധിപ്പിക്കുന്നതിന് പ്രവർത്തന മൂലധനം, മത്സ്യത്തൊഴിലാളി പുരുഷൻമാർക്ക് മത്സ്യ വിപണനം നടത്തുന്നതിനുള്ള ഇരുചക്ര വാഹനവും പ്രവർത്തന മൂലധനവും, നാടൻ വള്ളങ്ങൾ നവീകരിക്കുന്നതിന് സബ്സിഡി, മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം, ധനകാര്യ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി, NBCFDC/NMDFC എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പകൾ, മൈക്രോഫൈനാൻസ് വായ്പ, പലിശ രഹിത വായ്പ എന്നിവയാണ് പ്രധാന പദ്ധതികൾ.<br><br>കൂടാതെ മത്സ്യബന്ധന ഉപകരണങ്ങളുടെ വിലയിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് എൻ.സി.ഡി.സി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന സംയോജിത മത്സ്യ വികസന പദ്ധതി വഴി ഒരു മത്സ്യബന്ധന ഗ്രൂപ്പിന് അനുവദിയ്ക്കാവുന്ന പരമാവധി വായ്പ പരിധി 15 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായി ഉയർത്തി. മാത്രമല്ല ഒരു ഗ്രൂപ്പിലെ അംഗങ്ങളുടെ വ്യക്തിഗത വായ്പാ പരിധി 25000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>NBCFDC/NMDFC എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വായ്പ സ്വയം സഹായ സംഘങ്ങളിലെ ഗ്രൂപ്പിലെ അംഗങ്ങളുടെ വ്യക്തിഗത വായ്പാ പരിധി 20000/- രൂപായിൽ നിന്നും 25000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>**<u>മത്സ്യബോർഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങളുടെ പരിഷ്കരണം</u>**<br>മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ 2 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തി, ആം |

| | | | |
|---|---|---|---|
| | | | ആദ്മി ബീമാ യോജന മത്സ്യത്തൊഴിലാളികൾക്ക് ബാധക മാക്കിക്കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അപകടം മൂലമാണെങ്കിൽ 75,000/- രൂപ കൂടുത ലായി ലഭിക്കും. മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധ ക്യകാല പെൻഷനുകൾ 400/- രൂപയിൽ നിന്നും 500/- രൂപ യായി വർദ്ധിപ്പിച്ച് നൽകി വരുന്നു. മാരക രോഗ ങ്ങൾക്ക്ചികിത്സാ ധനസഹായമായി പരമാവധി 50,000/- രൂപ (അൻപതിനായിരം രൂപ) നൽകി വരുന്നു. മത്സ്യത്തൊ ഴിലാളികളുടെ എല്ലാ തരത്തിലുമുള്ള മത്സ്യബന്ധന ഉപകര ണങ്ങൾക്കും യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നടപ്പി ലാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പ ദ്ധതി പ്രകാരം മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വ റൻസ് പരിരക്ഷ നൽകുന്ന പദ്ധതി സർക്കാർ അംഗീകരി ച്ചിട്ടുണ്ട്. ഈ പദ്ധതി പരീക്ഷണ അടിസ്ഥാനത്തിൽ എറണാ കുളം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രസവാനന്തര ചില വുകൾക്കായി നൽകുന്ന ധനസഹായം 750/- രൂപയിൽ നിന്നും 14,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി മിഷൻ 676 വഴി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലയള വിൽ നൽകി വരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി തുക 1800/- രൂപയിൽ നിന്നും 2700/- രൂപയാക്കി വർദ്ധിപ്പിച്ചു. |
| ബി) | മത്സ്യത്തൊഴിലാളികളുടെ അധിവാസമേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ; | (ബി) | **<u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>**<br>എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി 2011-12-ൽ മത്സ്യം പിടിച്ചു കൊണ്ട് വന്നതിനു ശേഷം സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്ന തിനും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ക്കുമായി ഒരു യൂണിറ്റിന് 14 ലക്ഷം രൂപയാണ് അടങ്കൽ തുകയായി അനുവദിച്ചിട്ടുള്ളത്. ഇതുവരെ തിരുവന ന്തപുരം ജില്ലയിലെ പരുത്തിയൂർ DF(T)116/92 സംഘം, തെക്കെ കൊല്ലംകോട് DF(T)1/92, മര്യനാട് DF(T)23/92 എന്നീ സംഘങ്ങൾക്ക് ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**<u>കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>**<br>കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി-ആ രോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 114 കോടി രൂപ അടങ്കൽ തുകയിൽ സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി, 44.27 കോടി രൂപ അടങ്കൽ തുകയിൽ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി 134.70 കോടി രൂപയുടെ പദ്ധതികൾ, 4.29 കോടി രൂപയുടെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ, 75.10 കോടി രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം എന്നിവ നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| സി) | മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഭവന-വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കാര്യമായ വർദ്ധനവ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | സി) | **<u>ഭവന നിർമ്മാണം</u>**<br>2010-11 വരെ ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിയിൽ (50% കേന്ദ്രാവിഷ്കൃത പദ്ധതി) ഒരു വീടിന് 50,000/- രൂപയാണ് കേന്ദ്ര സർക്കാർ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരുന്നത്. ഇതിന്റെ 50% തുകയായ 25,000/- രൂപ കേന്ദ്ര വിഹിതമായി നൽകുകയുണ്ടായി. എന്നാൽ 2012-13, സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഗവൺമെന്റ് ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇത് 100% സബ്സിഡിയായും നൽകുന്നു. ഇത് പ്രകാരം ഒരു വീടിന് സംസ്ഥാന ഗവൺമെന്റ് 1.75 ലക്ഷം രൂപയും കേന്ദ്ര സർക്കാർ 25,000/- രൂപയും വഹിക്കുന്നു. എന്നാൽ 2014-15 വർഷത്തിൽ കേന്ദ്ര വിഹിതം 25,000/- രൂപയിൽ നിന്ന് 37,500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>**<u>വിദ്യാഭ്യാസ ആനുകൂല്യം</u>**<br>11.01.2012 -ലെ സ.ഉ (കൈ) നം. 06/2012/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ച് നൽകിയത് ഫിഷറീസ് വകുപ്പിനും 01.06.2012 മുതൽ ബാധകമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ഫിഷറീസ് വകുപ്പിനും ആനുകൂല്യം വർദ്ധിപ്പിക്കുന്നതാണ്. |

Jeyasree

**സെക്ഷൻ ഓഫീസർ**